# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 27 വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ - 251)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| സഹകരണ വകുപ്പുമന്ത്രി | : 5604 മുതൽ 5664 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : 5665 മുതൽ 5709 വരെ |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | : 5710 മുതൽ 5782 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : 5783 മുതൽ 5854 വരെ |

### ആർ.ഐ.ഡി.എഫ് നബാർഡിന്റെ പുനർവായ്പ

5604 ശ്രീ. ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സാജു പോൾ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ്. ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് നബാർഡ്പുനർവായ്പ നല്കി വരുന്നത് ;

(ബി) പുതുതായി ഏതെങ്കിലും പദ്ധതി ഉൾപ്പെടുത്തിക്കിട്ടുന്നതിനായി ശ്രമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) നഗരപ്രദേശങ്ങളിൽ നബാർഡ് ഏതെങ്കിലും നിലയിലുള്ള പദ്ധതിക്ക് സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സംയോജിത സഹകരണ വികസന പദ്ധതി</u>

5605 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
,, പി. ഉബൈദുള്ള
,, പി. കെ. ബഷീര്‍
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംയോജിത സഹകരണ വികസന പദ്ധതി പ്രാവര്‍ത്തികമാക്കുന്നതു സംബന്ധിച്ച വിശദവിവരം നല്‍കാമോ; അതു നടപ്പാക്കുന്ന ഏജന്‍സിയുടെ ഘടന വ്യക്തമാക്കുമോ;

(ബി) 2010-11 വര്‍ഷത്തില്‍ പ്രസ്തുത പദ്ധതിക്ക് നീക്കിവച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(സി) 2011-12 വര്‍ഷത്തെ പദ്ധതി നടത്തിപ്പു സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള മാര്‍ഗ്ഗരേഖയുടെ വിശദവിവരം നല്‍കാമോ; അതില്‍ ഏതൊക്കെ പരിപാടികള്‍ നടപ്പാക്കിയെന്നും എന്തുതുക വിനിയോഗിച്ചു എന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങൾ വഴി കടാശ്വാസ പദ്ധതികൾ</u>

5606 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും വഴി മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര രൂപയുടെ കടാശ്വാസം അനുവദിച്ചിട്ടുണ്ട് ;

(സി) കടാശ്വാസം അനുവദിച്ച തൊഴിലാളികളുടെ എണ്ണവും തുകയും സ്ഥാപനങ്ങളുടെ വിവരവും ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

എൻ. സി. ഡി. സി. യിൽ നിന്നുള്ള ഹ്രസ്വകാല വായ്പാ

5607 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്ന് ഹ്രസ്വകാല വായ്പാ ആവശ്യങ്ങൾക്കുവേണ്ടി മൂലധനമായി എന്ത് തുക സംസ്ഥാനത്തിന് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾക്കാണ് പ്രസ്തുത തുക ലഭിച്ചതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇപ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിന് ലഭിച്ച തുക ഏതെല്ലാം വിധത്തിലാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങൾ</u>

5608 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയിലെ ആകെ ജീവനക്കാരുടെ എണ്ണം എത്രയാണ്;

(സി) ജീവനക്കാരിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചവർ എത്രപേരുണ്ട്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

സഹകരണ സംഘങ്ങളുടെ വികസനവും
വൈവിദ്ധ്യവൽക്കരണവും

5609 ശ്രീ. എസ്. ശർമ്മ
,, എം. ഹംസ
,, കെ.കെ. നാരായണൻ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ വികസനത്തിനും പ്രവർത്തനവൈവിദ്ധ്യവത്ക്കരണത്തിനുമുളള പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രായോഗിക വാണിജ്യപദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന എത്ര സഹകരണ സംഘങ്ങളുണ്ട്; പ്രസ്തുത സംഘങ്ങൾക്ക് ഈ വർഷം എന്തു തുക വീതം സഹായം നൽകാനുദ്ദേശിക്കുന്നു;

(സി) ഈ പദ്ധതിയിൻകീഴിൽ എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; അവയ്ക്കെല്ലാം സഹായം നൽകുന്നതിന് എന്തു തുക വേണ്ടി വരും; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

5610 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾ നൽകാത്തതിനാൽ കാർഷികമേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സംസ്കരണ പ്ലാന്റുകൾ</u>

5611 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിപണന ഇടപെടൽ, സംസ്കരണം എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതിയിൻ കീഴിൽ ഏതൊക്കെ കാർഷിക വിഭവങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുളള തെന്ന് വിശദമാക്കാമോ;

(ബി) അതിൻപ്രകാരം കഴിഞ്ഞ വർഷം നൽകിയ സഹായ ത്തിന്റെ വിശദവിവരം നൽകാമോ;

(സി) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണവും സംസ്കരണവും പ്രായോഗികമായി നടപ്പാക്കാവുന്ന ജില്ലകളെ വേർതിരിച്ചു കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായി കഴിഞ്ഞ വർഷം ഏതൊക്കെ സംഘങ്ങൾക്ക് സഹായം നൽകിയി ട്ടുണ്ടെന്നും എത്ര പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു വെന്നും വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ വർഷം പ്രസ്തുത സഹായം നൽകിയ സംഘ ങ്ങൾക്ക് ഈ വർഷം തുടർസഹായം നൽകുമോ; എങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കാര്‍ഷിക മേഖലയ്ക്ക് വായ്പാ വിതരണം

5612 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2010-2011 സാമ്പത്തിക വര്‍ഷം പ്രാഥമിക സര്‍വ്വീസ് സഹകരണ സംഘങ്ങള്‍ കാര്‍ഷിക മേഖലയില്‍ എത്ര കോടി രൂപ വായ്പാ ഇനത്തില്‍ വിതരണം നടത്തിയിട്ടുണ്ട്; ജില്ലകള്‍ തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ;

(ബി) ഇതില്‍ പലിശ രഹിത വായ്പയായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കാര്‍ഷിക വായ്പകള്‍ക്കുള്ള പലിശനിരക്ക്

5613 ശ്രീ. കെ.എം. ഷാജി
'' എന്‍.എ. നെല്ലിക്കുന്ന്
'' വി. എം. ഉമ്മര്‍ മാസ്റ്റര്‍
'' കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രാഥമിക കാര്‍ഷിക വായ്പാ സഹകരണ സംഘങ്ങള്‍ ബാങ്കുകള്‍ എന്നിവയ്ക്കുള്ള ഫണ്ടിന്റെ വിനിയോഗ നിബന്ധനകള്‍ എന്തൊക്കെയെന്നു വിശദമാക്കാമോ;

(ബി) സ്വാശ്രയ സഹായ സംഘങ്ങള്‍ക്ക് പ്രസ്തുത ഫണ്ടില്‍ നിന്നും നല്കുന്ന ധനസഹായത്തിന്റെ വിശദവിവരം വ്യക്തമാക്കാമോ;

(സി) അതിന്‍പ്രകാരം പ്രോത്സാഹനാര്‍ത്ഥം എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രാഥമിക കാര്‍ഷിക വായ്പാ സഹകരണ സംഘങ്ങള്‍ നല്കുന്ന വായ്പകളുടെ പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ; അത് കര്‍ഷകര്‍ക്ക് സഹായകരമല്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) 2011-12 -ല്‍ ധനസഹായത്തിനായി നീക്കിവച്ചിട്ടുള്ള തുകയെത്രയാണെന്നും അത് സംബന്ധിച്ച രൂപരേഖ എന്താണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്കിൽ തസ്തികമാറ്റം മുഖേനയുള്ള നിയമനം

5614 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അഫിലിയേറ്റഡ് പ്രൈമറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതി

5615 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ബാങ്കിംങ്ങ് നിയന്ത്രണ നിയമ ഭേദഗതി സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ അഭിപ്രായം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതു സംബന്ധിച്ചുള്ള നിവേദനം കേന്ദ്ര സർക്കാരിന് നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് സർക്കാർ സ്വീകരിച്ച വായ്പ തുക</u>

5616 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് സർക്കാർ കടം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപ എന്നു വ്യക്തമാക്കാമോ;

(സി) ഇതുമൂലം സംസ്ഥാന സഹകരണ ബാങ്കിന്റെ വികസന പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നതായി കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ

5617 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) എത്ര പേർക്ക് എത്ര തുക വിദ്യാഭ്യാസ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പ</u>

5618 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ ആവശ്യത്തിന് വായ്പ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സഹകരണ ബാങ്കുകളാണ് വിദ്യാഭ്യാസ വായ്പ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇപ്രകാരം വിദ്യാഭ്യാസ വായ്പ നൽകിയിരുന്നോ; എങ്കിൽ എത്ര തുക വായ്പയായി നൽകിയിരുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾക്ക് വായ്പാ ധനസഹായം</u>

5619 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ കാർഷിക വായ്പാ വിതരണം നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) സഹകരണ ബാങ്കുകൾക്ക് നബാർഡ് ധനസഹായം നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പകൾ അനുവദിക്കുന്നതിന് എന്തെല്ലാം അടിയന്തിര സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കാര്‍ഷിക വിദ്യാഭ്യാസ വായ്പകള്‍ക്ക് കൂടുതല്‍ ഇളവുകള്‍</u>

5620 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ ബാങ്ക് വായ്പകള്‍ക്ക് ഈടാക്കുന്ന പലിശയില്‍ ഇളവുനല്‍കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കാര്‍ഷിക വിദ്യാഭ്യാസ വായ്പകള്‍ക്ക് കൂടുതല്‍ ഇളവുകള്‍ നല്‍കാന്‍ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കു നിക്ഷേപങ്ങളിൻമേലുള്ള കേന്ദ്രസർക്കാർ ഇടപെടൽ</u>

5621 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ ഇടപെടൽ രീതിയിലൂടെ സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ വിവരങ്ങൾ പരിശോധിച്ച് വരുമാന നികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്മൂലം നിക്ഷേപകർക്ക് താൽപര്യം കുറഞ്ഞുവരുന്നത് സഹകരണ ബാങ്കുകളുടെ നിലനിൽപിനെ ബാധിക്കുമെന്ന് ബോധ്യപ്പെട്ട്, കേന്ദ്രസർക്കാരിനോട് അതിൻമേൽ പുന:പരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിലെയും സഹകരണ സംഘങ്ങളിലെയും പരിശനിരക്കുകൾ ഏകീകരിച്ച് നിക്ഷേപം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കാർഷിക വികസന ബാങ്കുകളിലെ ഒറ്റത്തവണത്തീർപ്പാക്കൽ</u>

5622 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി കാർഷിക വികസന ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള കടം തിരിച്ചടപ്പിക്കുന്നതിന് പലിശ ഇളവുകളോടെ ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കർഷകർക്ക് കടാശ്വാസമായി സഹകരണബാങ്കുകൾ വഴി ഇതുവരെ എത്രതുക എഴുതിത്തള്ളിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ</u>

5623 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ലേബർ കോൺട്രാക്റ്റ് സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് എന്തൊക്കെ സാമ്പത്തിക ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സംഘങ്ങളിൽ യഥാർത്ഥ തൊഴിലാളികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി</u>

5624 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ രൂപീകരിച്ച സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെ പ്രവർത്തനം മരവിപ്പിക്കാൻ പോകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡയറക്ടറേറ്റിന്റെ പ്രവർത്തനം ശക്തമാക്കാൻ ആവശ്യമായ സ്പെഷ്യൽ റൂളുകളും ചട്ടങ്ങളും നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ അവ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ ഓഡിറ്റിംഗ് ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

5625 ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ് കുമാർ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എത്ര വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ നഷ്ടത്തിന്റെ കാരണം കണ്ടെത്തി ലാഭകരമാക്കുന്നതിനും നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) നഷ്ടത്തിലായ പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

5626 ശ്രീ. പി. എ. മാധവൻ
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എവിടെയാണ് ഇതു തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം കോഴ്സുകളാണ് ഇവിടെ ആരംഭിക്കാനുദ്ദേശിക്കുന്നത് ;

(ഡി) കോഴ്സിന്റെ കാലാവധി എത്രയാണ് ;

(ഇ) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ എം. ബി. എ. കോഴ്സ് തുടങ്ങുന്ന കാര്യം ആലോചിക്കുമോ ;

(എഫ്) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതിക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നോംസിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി

5627 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ ദോഷകരമായി ബാധിക്കുന്ന ക്ലാസ്സിഫിക്കേഷൻ നോംസിലെ പോരായ്മകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെയും സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിശ്ചിത ശതമാനം ഇടപാടുകൾ ജില്ലാ സഹകരണ ബാങ്കുകൾ വഴി നടത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നോംസ് ഭേദഗതി

5628 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നോംസ് ഭേദഗതി വരുത്തിയത് ജീവനക്കാരെ പ്രതികൂലമായി ബാധിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് വിഭാഗം</u>
<u>കാര്യക്ഷമമാക്കാൻ നടപടി</u>

5629 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വിഭാഗത്തിന് എത്ര കേസുകളാണ് കൈമാറിയത്; അവയിൽ എത്ര എണ്ണത്തിൽ അന്വേഷണം ആരംഭിച്ചു; എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി;

(സി) സാമ്പത്തിക അഴിമതി സംബന്ധിച്ച എത്ര കേസുകളാണ് പ്രസ്തുത വിഭാഗത്തിന്റെ അന്വേഷണത്തിലുള്ളത്; സമയബന്ധിത അന്വേഷണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിൽ അനുവദനീയമായ തസ്തികകൾ എത്രയെന്നും നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം നിർത്തലാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം</u>

5630 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ (പോലീസ്) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം നിറുത്തി വയ്ക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ അതിനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച എത്ര റിപ്പോർട്ടുകളിന്മേൽ വകുപ്പുതല നടപടികൾ നടന്നിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം വി. എ. സി. ബി. വഴി കേസ് രജിസ്റ്റർ ചെയ്യുന്നതിന് ശുപാർശ നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഭാഗത്തിൽ ഇപ്പോൾ എത്ര പോലീസ് ഓഫീസർമാർ പ്രവർത്തിച്ചുവരുന്നുണ്ടെന്നും 2010-ലെ സഹകരണ നിയമ (ഭേദഗതി) (ആക്ട് 7/2010) പ്രകാരം വിജിലൻസ് ഓഫീസർക്ക് നൽകിയ കൂടുതൽ അധികാരങ്ങൾ എന്തുകൊണ്ടാണ് ഈ സർക്കാർ നൽകാൻ വൈമനസ്യം പ്രകടിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയ്ക്കും വകുപ്പുതല നടപടികൾക്കും മുൻസർക്കാരിന്റെ കാലത്ത് ശുപാർശ നൽകിയ റിപ്പോർട്ടുകളും പരാതികളും പൂഴ്ത്തി വയ്ക്കാനിടയായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പുതിയ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനിലെ കാലതാമസം ഒഴിവാക്കാൻ നടപടി

5631 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് സഹകരണ സ്ഥാപനങ്ങളുടെ വ്യാപനവും, നവീകരണവും, വികസനവും ആവശ്യമാണെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) സാമ്പത്തിക ബാധ്യതമൂലം വർഷങ്ങളായി പ്രവർത്തനം നിലച്ച സഹകരണ സ്ഥാപനങ്ങൾ പുനഃരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട് ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സഹകരണ രജിസ്ട്രാർ ഓഫീസുകളിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) രജിസ്ട്രേഷൻ നടപടികളിൽ സർക്കാർ ഇടപെടാറുണ്ടോ ;

(ഇ) രജിസ്ട്രേഷൻ നടപടികൾ മരവിപ്പിക്കുവാനോ, വകുപ്പു മന്ത്രിയുടെ അനുമതിയോടുകൂടി മാത്രം രജിസ്ട്രേഷൻ മതിയെന്നോ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ നടപടിക്ക് നിയമസാധുതയുണ്ടോ ;

(എഫ്) രജിസ്ട്രേഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും നവ സഹകാരികൾക്ക് പ്രത്യേക പരിഗണനയും, പ്രോത്സാഹനവും ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ബാങ്കിംഗ് നിയന്ത്രണ ഭേദഗതിയും വായ്പാ തുകയും

5632 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയുടെ നിക്ഷേപത്തിന്റെ 72 ശതമാനം തുകയാണോ ഇപ്പോൾ വായ്പയായി നൽകിവരുന്നത്;

(ബി) എങ്കിൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട ബാങ്കിംഗ് നിയന്ത്രണ ഭേദഗതി പ്രാബല്യത്തിൽ വരുന്നതോടെ വായ്പാ തുകയുടെ പരിധി 72 ശതമാനത്തിൽ നിന്ന് 54 ശതമാനമായി കുറയുമെന്ന് കരുതുന്നുണ്ടോ;

(സി) ഇപ്പോൾ ഇതുമൂലം മൊത്തം വായ്പ നൽകുന്ന സംഖ്യയിൽ 6000 കോടി രൂപയുടെ കുറവ് വരുത്തുമെന്ന വാദം ശരിയാണോ; അക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് മറികടക്കാനും വായ്പ തുകയിൽ വരുന്ന കുറവ് തടയുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പു വിഭജനം</u>

5633 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് വിഭജിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ ഫെഡിന്റെ പുതിയ പദ്ധതികള്‍</u>

5634 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, റ്റി.എന്‍. പ്രതാപന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ ഫെഡ് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത് ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(ബി) സേവനത്തിന്റെ പുതിയ മേഖലകളിലേക്ക് എങ്ങനെയാണ് കണ്‍സ്യൂമര്‍ ഫെഡ് പ്രവര്‍ത്തിക്കാനുദ്ദേശിക്കുന്നത് ;

(സി) റീട്ടെയില്‍ മാനേജ്മെന്റ്, ഫാര്‍മസി കോളേജ്, ഗസ്റ്റ് ഹൗസുകള്‍, ക്ലിനിക്കല്‍ ലാബുകള്‍ എന്നീ വിവിധ പദ്ധതികള്‍ നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ത്രിവേണി ഔട്ട് ലെറ്റുകൾ വ്യാപകമാക്കാൻ നടപടി

5635 ശ്രീ. അൻവർ സാദത്ത്
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡ്ഡിന്റെ ത്രിവേണി ഔട്ട്ലെറ്റുകൾ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദാംശം എന്തെല്ലാം;

(ബി) സംസ്ഥാനത്തിന് പുറത്തും വിദേശത്തും ത്രിവേണി ഔട്ട്ലെറ്റുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) തീർത്ഥാടന കേന്ദ്രങ്ങളിൽ ത്രിവേണി കോഫിഹൗസുകൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ ഫെഡിന്റെ ഗസ്റ്റ് ഹൗസുകള്‍</u>

5636 ശ്രീ. ലൂഡി ലൂയിസ്
,, കെ. അച്ചുതന്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിനോദ സഞ്ചാരം, തീര്‍ത്ഥാടനം എന്നീ കേന്ദ്രങ്ങളെ ലക്ഷ്യമാക്കി എന്തെല്ലാം പുതിയ പദ്ധതികളാണ് കണ്‍സ്യൂമര്‍ ഫെഡ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഈ കേന്ദ്രങ്ങളില്‍ ഗസ്റ്റ് ഹൗസുകള്‍ നിര്‍മ്മിക്കുവാന്‍ ആലോചനയുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇത്തരം ഗസ്റ്റ് ഹൗസുകള്‍ ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ</u>

5637 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ ക്ലിനിക് ലാബുകളും നീതി മെഡിക്കൽ സ്റ്റോറുകളും</u>

5638 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ജില്ലാ, താലൂക്ക് ആശുപത്രികളിൽ സഹകരണ ക്ലിനിക് ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സമസ്ത മേഖലയിലും സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം എത്തിക്കുന്നതിന്റെ ഭാഗമായി, സർക്കാർ ഏതെല്ലാം പുതിയ മേഖലകളിലേക്കാണ് സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

നീതി മെഡിക്കൽ സ്റ്റോറുകൾ വഴി സബ്സിഡി
നിരക്കിൽ മരുന്നുകൾ

5639 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീതിമെഡിക്കൽ സ്റ്റോറുകൾ വഴി നിർദ്ധനരായ രോഗികൾക്ക് 25% വരെ സബ്സിഡി നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഷൊര്‍ണ്ണൂര്‍ മണ്ഡലത്തിലെ സഹകരണ മെഡിക്കല്‍ സ്റ്റോറുകളും നീതി സ്റ്റോറുകളും</u>

5640 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഷൊര്‍ണ്ണൂര്‍ മണ്ഡലത്തില്‍ എത്ര സഹകരണ മെഡിക്കല്‍ സ്റ്റോറുകളും നീതി സ്റ്റോറുകളും പ്രവര്‍ത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തില്‍ വ്യക്തമാക്കാമോ;

(ബി) നീതി സ്റ്റോറുകളും, നീതി മെഡിക്കല്‍ സ്റ്റോറുകളും ഇല്ലാത്ത പഞ്ചായത്തുകളില്‍ ഇവ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഷൊര്‍ണ്ണൂര്‍ മണ്ഡലത്തില്‍ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോര്‍ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ത്രിവേണി സ്റ്റോറുകളിലെ ഉപഭോക്താക്കളുടെ ക്ഷേമത്തിന് പദ്ധതികൾ

5641 ശ്രീ. വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിവേണി സ്റ്റോറുകളിലെ ഉപഭോക്താക്കളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത്; വിശാംശങ്ങൾ എന്തെല്ലാം;

(ബി) പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് ഏർപ്പെടുത്തുമോ; വിശദാംശം എന്തെല്ലാം;

(സി) എങ്കിൽ നിശ്ചിത ശതമാനം തുക പട്ടികവിഭാഗത്തിനായി നീക്കിവയ്ക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന നിക്ഷേപകരെ സംബന്ധിച്ച വിവരങ്ങൾ</u>

5642

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ നിജസ്ഥിതി അറിയിക്കാൻ ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ നിക്ഷേപകന്റെയും 2009 മാർച്ച് 31 ലെ എലല്ാ ബാങ്ക് അക്കൗണ്ടുകളും ഹാജരാക്കാൻ ആദായനികുതി വകുപ്പ് പ്രാഥമിക സഹകരണ ബാങ്കുകളോട് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) അതു സംബന്ധമായി 20 ചോദ്യങ്ങൾ ഉൾപ്പെടുന്ന ഒരു കത്ത് ആദായ നികുതി വകുപ്പ് ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ആദായനികുതി വകുപ്പിന് ഇത്തരം വിശദാംശങ്ങൾ നൽകുന്നത് നിക്ഷേപകരുടെ പിൻമാറ്റത്തിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) ഇത് സഹകരണ ബാങ്കിംഗ് മേഖലയെ തളർത്തുന്നതിന് കാരണമാകുമോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിലെ ആർബിട്രേഷൻ കേസുകൾ</u>

5643 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വകുപ്പിലെ ധനപരവും അല്ലാത്തതുമായ ആർബിട്രേഷൻ കേസുകൾ കൈകാര്യം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ കൈകാര്യം ചെയ്യുന്നത് സഹകരണ നിയമത്തിലെ ഏത് വകുപ്പ്, ചട്ടം എന്നിവ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) ധനപരമല്ലാത്ത കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്നും യാത്ര ബത്ത ഇനത്തിൽ 2010 - 11 സാമ്പത്തിക വർഷത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ധനപരമായ കേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്നും യാത്രാബത്ത സ്ഥിരം യാത്രാ ബത്ത ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ഉദ്യോഗസ്ഥർക്ക് വ്യത്യസ്തമായ സേവന സൗകര്യങ്ങൾ നൽകുന്നതിൽ അപാകതയുള്ളതായി കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജ് - മികവിന്റെ കേന്ദ്രം</u>

T 5644 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ഏകമെഡിക്കൽ കോളേജായ പരിയാരം മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്(തിരുവനന്തപുരം) മോഡലിൽ ഈ സ്ഥാപനത്തെ മാറ്റുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയെ ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മോഡലിൽ ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആക്കിമാറ്റണമെന്ന വിദഗ്ധരുടെ അഭിപ്രായം പരിശോധിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലെ പോരായ്മകൾ</u>

5645 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ ചൂണ്ടിക്കാണിച്ച് മെഡിക്കൽ വിദ്യാർത്ഥികൾ സമരം നടത്തിയിരുന്നുവോ;

(ബി) ഈ പോരായ്മകൾ പരിശോധിച്ച് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കൊല്ലങ്കോട് കോ-ഓപ്പറേറ്റീവ് കോളേജിൽ നഴ്സിംഗ് കോഴ്സ്</u>

5646 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ് ;

(ബി) നിലവിലുള്ള സഹകരണ കോളേജുകളിൽ പ്രസ്തുത കോഴ്സ് അനുവദിക്കുമോ ;

(സി) നെന്മാറ കൊല്ലങ്കോട് കോ-ഓപ്പറേറ്റീവ് കോളേജിൽ നഴ്സിംഗ് കോഴ്സ് അനുവദിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

**ജെ. ഡി. സി. പാസായവര്‍ക്ക് യഥാസമയം സര്‍ട്ടിഫിക്കറ്റ് നല്‍കാന്‍ നടപടി**

5647 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴില്‍ നടക്കുന്ന ജെ. ഡി. സി. പരീക്ഷ പാസായവര്‍ക്ക് ഒറിജിനല്‍ സര്‍ട്ടിഫിക്കറ്റ് യഥാസമയം നല്‍കുന്നില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വര്‍ഷം വരെ പാസായവര്‍ക്ക് ഒറിജിനല്‍ സര്‍ട്ടിഫിക്കറ്റ് നല്‍കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ജെ. ഡി. സി. പാസായ മുഴുവന്‍ പേര്‍ക്കും ഒറിജിനല്‍ സര്‍ട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭ്യമാക്കാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് റബ്ബര്‍ മാര്‍ക്കറ്റിങ്ങ് സൊസൈറ്റി വക ഭൂമിയുടെ വില്പന</u>

5648 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് റബ്ബര്‍ മാര്‍ക്കറ്റിംഗ് സൊസൈറ്റിക്ക് വിദ്യാനഗറില്‍ എത്ര ഏക്കര്‍ ഭൂമി ഉണ്ട്;

(ബി) ഈ ഭൂമി സൊസൈറ്റിക്ക് എപ്രകാരമാണ് ലഭിച്ചത്; രേഖയുടെ പകര്‍പ്പ് ലഭ്യമാക്കാമോ;

(സി) മേല്‍ ഭൂമി സൊസൈറ്റിക്ക് എന്ത് ആവശ്യത്തിനാണ് കിട്ടിയിട്ടുളളതെന്നും എത്ര രൂപ ഭൂമിക്കായി സര്‍ക്കാറിലേക്ക് അടച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) മേല്‍ ഭൂമിയില്‍ കുറച്ചു ഭാഗം വില്‍ക്കാനായി സൊസൈറ്റി തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കില്‍ എന്തിനാണ് ഭൂമി വില്‍ക്കുന്നതെന്നും സൊസൈറ്റിക്ക് എപ്രകാരമാണ് സാമ്പത്തിക ബാധ്യത ഉണ്ടായതെന്നും വിശദമാക്കാമോ;

(എഫ്) ഭൂമി വില്‍ക്കുന്നതിന് സൊസൈറ്റിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കില്‍ അനുമതി നല്‍കിയതിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(എച്ച്) ഭൂമി വില്‍ക്കുന്നതിന് അനുമതിക്കായി സൊസൈറ്റി ജില്ലാ കലക്ടര്‍ക്ക് അപേക്ഷ സമര്‍പ്പിച്ചിരുന്നുവോ;

(ഐ) എങ്കില്‍ കലക്ടര്‍ അനുമതി നല്‍കിയിരുന്നുവോ എന്നും ഇല്ലെങ്കില്‍ എന്ത് കാരണം പറഞ്ഞാണ് അപേക്ഷ നിരസിച്ചതെന്നും വിശദമാക്കാമോ;

**കേരള നിയമസഭ**

**27.10.2011-ലെ മറുപടിക്ക്**

(ജെ) സൊസൈറ്റി ഭൂമി വില്പന നടത്തിയോ എന്നും എത്ര രൂപക്കാണ് വിൽപ്പന നടത്തിയതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ രംഗം ശക്തിപ്പെടുത്താൻ നടപടി</u>

5649

ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗം ശക്തിപ്പെടുത്തുന്നതിനു പഠന കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ:

(ബി) സഹകരണ രംഗത്തെ സാമ്പത്തിക തിരിമറികൾ ശക്തമായി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പിരിച്ചുവിട്ട സഹകരണ സംഘങ്ങളിലെ പുതിയ ഭരണ സമിതി</u>

5650 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിരിച്ചുവിടപ്പെട്ട സഹകരണ സംഘങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും ചുമതല അഡ്മിനിസ്ട്രേറ്റർമാരെയോ പുതിയ ഭരണസമിതിയേയോ ഏൽപ്പിച്ചിട്ടുണ്ടോയെന്ന് പേരും ജില്ലയും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എന്തുകാരണങ്ങളാലാണ് അപ്രകാരം ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) പുതിയ ഭരണ സമിതികളിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ;

(ഡി) അഡ്മിനിസ്ട്രേറ്റർ ഭരണത്തിലെ അംഗങ്ങളെ ഒഴിവാക്കി തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ</u>

5651 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വിജിലൻസ് സംവിധാനം നടപ്പിലാക്കിയത് എപ്പോഴാണ് ;

(ബി) പ്രസ്തുത സംവിധാനം നിലവിൽ വന്നശേഷം 2011 മേയ് വരെ സംസ്ഥാനത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തെന്നും അവ ഏതൊക്കെ ആണെന്നും വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഖാദി നൂൽ നൂൽപ്പിനും നെയ്ത്തിനും ഭാഗിക യന്ത്രവല്ക്കരണം

5652 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഖാദി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഖാദി നൂൽ നൂൽപ്പിനും നെയ്ത്തിനും കാലോചിതമായി ഭാഗിക യന്ത്രവല്ക്കരണം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കണ്ണൂർ കക്കാട് സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

5653 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കക്കാട് (LL 216) ൽ കഴിഞ്ഞ സാമ്പത്തിക വർഷം ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഏതു തരം അന്വേഷണമെന്ന് വിശദമാക്കാമോ;

(സി) അന്വേഷണത്തിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്;

(ഡി) ആരെല്ലാമാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(എഫ്) പ്രസ്തുത സൊസൈറ്റിയിലെ നിക്ഷേപകർക്കു നിക്ഷേപത്തുക തിരികെ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം</u>

5654 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 663, സഹകരണ നിയമം വകുപ്പ് 16 ലംഘിച്ചുകൊണ്ട് ആർക്കെങ്കിലും മെമ്പർഷിപ്പും ലോണും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം ആണ് എന്നതിന്റെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) സ്ഥിരതാമസം തെളിയിക്കുന്ന ആധികാരിക രേഖകളായ വോട്ടേഴ്സ് തിരിച്ചറിയൽ കാർഡിന്റെയോ റേഷൻ കാർഡിന്റെയോ വോട്ടർ പട്ടികയുടെയോ പാസ്പോർട്ടിന്റെയോ, പകർപ്പ് ഹാജരാക്കാതെ ആർക്കെങ്കിലും മെമ്പർഷിപ്പോ, ലോണോ നൽകിയിട്ടുണ്ടെങ്കിൽ സഹകരണ നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഘത്തിലെ നിലവിലെ ഭരണസമിതി അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പേരിൽ എടുത്തിട്ടുള്ള ലോണുകളുടെയും, ഇതിൽ പുതുക്കാതെയും തിരിച്ചടയ്ക്കാതെയും കുടിശ്ശിക വരുത്തിയ അംഗങ്ങളുടെയും പേരുവിവരം ലഭ്യമാക്കാമോ;

(ഡി) സഹകരണ നിയമം വകുപ്പ് 16 ലംഘിച്ച് മതിയായ തെളിവുകൾ ഇല്ലാതെ, 1996 മുതൽ മെമ്പർഷിപ്പും ലോണും വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക തട്ടിപ്പും നടത്തിയതിന് പോലീസ് അന്വേഷണത്തിനും, സഹകരണ നിയമം 65,66 പ്രകാരമുള്ള വകുപ്പ്തല അന്വേഷണത്തിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘത്തിലെ നിയമനം

5655 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം. 663 ഏത് ക്ലാസ് പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും തസ്തികയും പ്രസ്തുത ക്ലാസ്സ് പ്രകാരമുള്ളതാണോ; വിശദാംശം ലഭ്യമാക്കുമോ; നിലവിലെ ജീവനക്കാരുടെ പേരുവിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംഘം നാളിതുവരെ നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങൾക്കും ചട്ടപ്രകാരം വകുപ്പിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഘത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ആരെങ്കിലും ജോലി നോക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അംഗീകൃത തസ്തികയിൽ ആണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

നാട്ടിക മണ്ഡലത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ

5656 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ ;

(സി) പ്രവർത്തനം നിലച്ച് കിടക്കുന്ന സംഘങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തന സന്നദ്ധമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപം</u>

5657

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി ഓഫീസർ നൽകിയ വിശദീകരണത്തിനുള്ള മറുപടിയിൽ സഹകരണ ബാങ്കുകൾ പ്രൈമറി അഗ്രികൾച്ചറൽ സൊസൈറ്റികൾ ആയതിനാൽ ആർ.ബി.ഐ. ആക്റ്റ് ബാധകമല്ലെന്നതു കൊണ്ട് ബാങ്കിംഗ് ബിസിനസ് നടത്താൻ കഴിയില്ലെന്ന വിശദീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്മൂലം നിക്ഷേപകർ നിക്ഷേപം പിൻവലിക്കുന്ന സാഹചര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപ്രകാരം ടാക്സ് ചുമത്തുവാനുള്ള ഇൻകം ടാക്സ് വകുപ്പിന്റെ നീക്കത്തിനെതിരെ എന്തു നടപടികൾ കൈക്കൊള്ളുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ പി.എസ്.സി. റിക്രൂട്ട്മെന്റ്</u>

5658 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ പി.എസ്.സി. റിക്രൂട്ട്മെന്റ് നടപ്പിലാക്കിയതിനുശേഷം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ എത്ര പേർക്ക് താഴ്ന്ന തസ്തികയിൽ നിന്ന് ക്ലാർക്ക്/കാഷ്യർ ആയി പ്രൊമോഷൻ നൽകുകയുണ്ടായി;

(ബി) ഇതിന് ആനുപാതികമായി 5:1 റേഷ്യോ പ്രകാരം 285 പേരെ പി.എസ്.സി യിൽ നിന്ന് നിയമിക്കുന്നതിനു പകരം 204 പേർക്കു മാത്രമേ നാളിതുവരെ നിയമനം നൽകിയുള്ളുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

**അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ ഉത്തരവിലെ അപാകതകൾ**

5659 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കിലെ ജീവനക്കാർക്കുള്ള അടിസ്ഥാന ശമ്പളം പോലും അർബൻ ബാങ്ക് ജീവനക്കാർക്ക് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉത്തരവിലെ അപാകതകൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ശ്രീ. വി. പി. കുഞ്ഞികൃഷ്ണൻ നായരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷ</u>

5660 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര റീജ്യണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വിരമിച്ച ശ്രീ. വി. പി. കുഞ്ഞികൃഷ്ണൻ നായരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് പെൻഷൻ ലഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനം</u>

5661 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി ഇക്കാര്യത്തിൽ പി.എസ്.സി. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് അറിയുമോ ; കേസിൽ സ്റ്റേ ഉത്തരവ് ഇല്ലെങ്കിൽ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്നു വ്യക്തമാക്കുമോ ;

(ഡി) 24.05.2006-ലെ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഖാദി ഗ്രാമവ്യവസായ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

5662 ശ്രീ. സി. കൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. സത്യൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികളും വിശദമാക്കാമോ ;

(സി) തൊഴിലാളികളുടെ വേതനത്തിൽ ഏറ്റവും ഒടുവിൽ വർദ്ധന വരുത്തിയത് എപ്പോഴായിരുന്നു ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

ഖാദി തൊഴിലാളി പെൻഷൻ

5663 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഖാദി പ്രസ്ഥാനത്ത് നീണ്ട സേവന പാരമ്പര്യമുള്ള വൃദ്ധരായ തൊഴിലാളികളുടെ പെൻഷൻ തുക എന്നു മുതൽ വർദ്ധിപ്പിക്കുമെന്ന് വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ സ്ഥലം മാറ്റം</u>

5664 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ പൊതു സ്ഥലം മാറ്റ മാനദണ്ഡം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മാനദണ്ഡപ്രകാരണമാണോ 4.10.2011 ലെ കെ.ബി 6322/2011/ഇ1(എ), കെ.ബി 6322/2011/ഇ1(എ)(2) എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം സ്ഥലം മാറ്റിയതെന്ന് വെളിപ്പെടുത്താമോ ;

(സി) അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?